ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നഗരസഭകൾ സ്ഥാപിച്ചിട്ടുള്ള പൊതുശൗചാലയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും കൃത്യമായി മെയിന്റനൻസ് നടത്തുന്നതിനും കൂടുതൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും നഗരസഭകൾക്ക് കർശന നിർദ്ദേശം നൽകുന്നതാണ്.

(സി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

ജവഹർലാൽ നെഹ്രു നഗര നവീകരണ പദ്ധതി

151. (1588) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ, ജവഹർലാൽ നെഹ്റു നഗര നവീകരണ പദ്ധതി (ജൻറം) പ്രകാരം എത്ര ബസുകൾ വാങ്ങിയിട്ടുണ്ട് ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ കൊല്ലം നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിശദാംശം കോർപ്പറേഷൻ തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ, ജവഹർലാൽ നെഹ്രു നഗര നവീകരണ പദ്ധതി (ജൻറം) പ്രകാരം 80 എ.സി. ലോ ഫ്ലോർ ബസുകളും 240 നോൺ എ.സി. ലോ ഫ്ലോർ ബസുകളും വാങ്ങിയിട്ടുണ്ട്. ഇതിനായി 127.64 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ജൻറം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കൊല്ലം നഗരത്തെ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ജൻറം പദ്ധതിയുടെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് 400 ബസുകൾ വാങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുള്ള പദ്ധതിയിൽ കൊല്ലം നഗരവും ഉൾപ്പെട്ടിട്ടുണ്ട്. കൊല്ലം, ആലപ്പുഴ എന്നീ രണ്ട് നഗരങ്ങൾ ഉൾപ്പെടുന്ന ക്ലസ്റ്ററിന് 48 കോടി രൂപ അടങ്കലിൽ 30 എ.സി. ബസുകളും 70 നോൺ എ.സി. ബസുകളുമാണ് അനുവദിച്ചിട്ടുള്ളത്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല എന്നാൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് ബസ് സപ്ലൈ ചെയ്ത വകയിലെ ബാലൻസ് പേമെന്റ് ഇനത്തിൽ 4.64 കോടി രൂപ ചെലവായിട്ടുണ്ട്. 2008-09 മുതൽ 2012-13 വരെ അനുവദിച്ച തുകയിലെ നീക്കിയിരുപ്പിൽനിന്നുമാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly